നം:ICDS.B1-38611/10

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 30.12.2010

സാമൂഹ്യക്ഷേമ ഡയറക്ടർ

എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശുവികസനസേവന പദ്ധതി - ഐസിഡിഎസ് പ്രോജക്ടുകളുടെ പുന:സംഘടനയും 95 പുതിയ ഐസിഡിഎസ് പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കുന്നതും - സംബന്ധിച്ച്.

സൂചന :-
1. സ.ഉ(എം.എസ്)നം.96/2010/സാ.ക്ഷേ.വ. തീയതി 15.12.10.
2. 20.12.2010ലെ പ്രോഗ്രാം ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ് തീരുമാനം.
3. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 29.12.10ലെ ഇ1-55202/10 നമ്പർ നടപടിക്രമങ്ങൾ.

സംസ്ഥാനത്ത് പുതുതായി അനുവദിച്ച 95 ഐസിഡിഎസ് പ്രോജക്ടുകളും നിലവിലുള്ള 163 ഐസിഡിഎസ് പ്രോജക്ടുകളും പുന:ക്രമീകരിച്ച് സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സൂചന മൂന്ന് പ്രകാരം 95 ഐസിഡിഎസ് പ്രോജക്ടുകളിൽ ശിശുവികസനപദ്ധതി ഓഫീസർമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

95 പുതിയ ഐസിഡിഎസ് പ്രോജക്ടുകൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന രീതിയിൽ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1) സൂചന ഒന്നിലെ ഉത്തരവ് പ്രകാരം 95 പുതിയ പ്രോജക്ടുകളിലും 1.1.2011-നകം ശിശുവികസനപദ്ധതി ഓഫീസർമാർ ചുമതല ഏറ്റെടുക്കേണ്ടതും പ്രോഗ്രാം ഓഫീസർ സാക്ഷ്യപ്പെടുത്തിയ RTC-യുടെ രണ്ട് പകർപ്പ്, പുതിയ ഓഫീസിന് സമീപസ്ഥവും സൗകര്യപ്രദവുമായ ട്രഷറിയുടെ വിവരം എന്നിവ പ്രത്യേക ദൂതൻ വശം ഈ കാര്യാലയത്തിൽ 3.1.2011-ന് അകം എത്തിച്ചുതരേണ്ടതുമാണ്.

2) 20.12.2010-ന് സാമൂഹ്യക്ഷേമ അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാനതല ഐസിഡിഎസ് അവലോകന യോഗത്തിൽ നൽകിയ നിർദ്ദേശങ്ങൾക്കനുസൃതമായി (മിനിട്സ് - ഖണ്ഡിക 1, 8) പുതുതായി അനുവദിച്ച പ്രോജക്ടുകൾ 2011 ജനുവരി മാസം 15-ന് മുൻപായി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

3) ഇതിനാവശ്യമായ ഓഫീസ് കണ്ടെത്തൽ, സജ്ജീകരിക്കൽ, മറ്റ് ക്രമീകരണങ്ങൾ എന്നിവ ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർമാർ, പ്രോഗ്രാം ഓഫീസറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉടനടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു. പ്രോജക്ടിന്റെ ഉദ്ഘാടന തീയതി, സ്ഥലം എന്നിവ എത്രയും വേഗം ബന്ധപ്പെട്ട എം.എൽ.എ.മാരുമായി ആലോചിച്ച് നിശ്ചയിച്ച് പ്രോഗ്രാം ഓഫീസർ സജ്ജീകരിക്കേണ്ടതാണ്. ബഹു.സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയെ ജില്ലയിലെ ചുരുങ്ങിയത് ഒരു പ്രോജക്ട് ഉദ്ഘാടനത്തിന് എങ്കിലും പങ്കെടുപ്പിക്കുന്നതിനുള്ള സാദ്ധ്യത കൂടി പ്രോഗ്രാം ഓഫീസർമാർ പരിശോധിക്കണം. ഉദ്ഘാടനതീയതിയും സ്ഥലവും ഈ ഓഫീസിലും അറിയിക്കേണ്ടതാണ്.

4) സൂചന ഒന്നിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിൽ തന്നെ പ്രോജക്ടുകളുടെ ഓഫീസ് കണ്ടുപിടിച്ച് ആരംഭിക്കേണ്ടതാണ്.

5) മൂന്നാംഘട്ട ഐസിഡിഎസ് വികസനത്തിൽ ഉൾപ്പെടുത്തി അനുവദിച്ചതും 31.12.2010-ന് അകം പ്രവർത്തനം ആരംഭിച്ചതുമായ അംഗൻവാടികൾ, മിനി അംഗൻവാടികൾ എന്നിവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് പ്രോഗ്രാം ഓഫീസർമാർ 3.1.2011-നകം അടിയന്തിരമായി ഫാക്സ് മുഖാന്തിരം അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യക്ഷേമ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് : 1. ജില്ലാസാമൂഹ്യക്ഷേമ ഓഫീസർമാർക്ക്.
2. ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർമാർക്ക്.
(പ്രോഗ്രാം ഓഫീസർമാർ മുഖേന)

Aj,